# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1454** | **10.02.2020 ൽ മറുപടിയ്ക്ക്**

**ജീവനി പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ജീവനി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ബി) ജീവനി പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

എ) & ബി) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി കൃഷി വകുപ്പ് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു. കാർഷിക സർവ്വകലാശാലയുടെ കീടനാശിനി അവശിഷ്ട പരിശോധന റിപ്പോർട്ട് പ്രകാരം പൊതുവിപണിയിൽ ലഭിക്കുന്ന 20.12% പച്ചക്കറി, 28% പഴവർഗ്ഗങ്ങൾ, 66% സുഗന്ധവ്യഞ്ജനങ്ങളിലും കീടനാശിനികളുടെ അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 90% പച്ചക്കറികൾക്ക് ശുപാർശ ചെയ്യാത്ത കീടനാശിനികളുടെ അവശിഷ്ടവും, ശുപാർശ ചെയ്തിട്ടുള്ള അളവിൽ കൂടുതലുമാണ് കണ്ടിട്ടുള്ളത്. ഇവയെല്ലാം തന്നെ നമ്മുടെ ആരോഗ്യത്തിന് വളരെ ഹാനികരമാണ്. ജൈവം എന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വിൽക്കുന്ന പച്ചക്കറികളിൽ നിന്നും എടുത്തിട്ടുള്ള സാമ്പിളുകളിലും 25% കീടനാശിനിയുടെ അവശിഷ്ടം കണ്ടെത്തിയിട്ടുള്ളത് ആശങ്കാജനകമാണ്. ഇതിനൊരു മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 365 ദിവസവും പച്ചക്കറികൾ വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനായി "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി വിഭാവനം

ചെയ്തിട്ടുള്ളത്.

ജീവനി പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ തിരഞ്ഞെടുത്ത് പ്രചരിപ്പിക്കുക.
2. എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.
3. 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക. അതോടൊപ്പം മറ്റ് പൊതു/ സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.
4. ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.
5. കൃഷി പാഠശാല എന്ന പേരിൽ എല്ലാ കൃഷി ഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും, ബോധവത്കരണവും സംഘടിപ്പിക്കുക. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്കു നൽകുക.
6. ഗ്രാമ നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ/ മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക.
7. 2 ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുക.
8. നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം നൽകുക.
9. 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക. (നിലവിലുള്ളത് ഉൾപ്പെടെ)
10. ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും, കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.

11. ബ്ലോക്ക് തലത്തിൽ ദ്വൈവാര ഉല്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ തയ്യാറാക്കുക.
12. 25 ഫാമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ.) കൾക്കുള്ള പ്രോത്സാഹനം.
13. സാങ്കേതിക വൈദഗദ്ധ്യമുള്ള 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എസ്.എഫ്.എ.സി.യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ (എഫ്.ഐ.ബി.), ന്യൂസ് ലൈറ്റർ (വെജിറ്റബിൾ സെൽ), പ്രതിമാസ ടി.വി ചാനൽ പരിപാടി എന്നിവ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തി രൂപീകരിക്കുക.
14. 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100 ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക.
15. ആത്മ പദ്ധതിയുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ പ്രോത്സാഹിപ്പിക്കുക.
16. 400 ബയോഫാർമസികളുടെ (നിലവിലുള്ളതുൾപ്പെടെ) അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്ക് ആവശ്യമായ ജൈവ ഉല്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.
17. കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ട പരിശോധന ഫലം സർക്കാർ വെബ് സൈറ്റിലൂടെ പൊതു ജനങ്ങൾക്കു ലഭ്യമാക്കുക.
18. നിലവിലുള്ള ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ച ചന്ത, ഇക്കോഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളെ വിപുലീകരിക്കുക.
19. 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.
20. പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും സംഘടിപ്പിക്കുക.
21. കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്തു കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുക.

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | സി) സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കുന്ന "ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം" പദ്ധതിയ്ക്കായി കോഴിക്കോട് ജില്ലയിൽ 10,74,942 പച്ചക്കറി തൈകളും 12169 വിത്തു പായ്ക്കറ്റുകളും ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എം.എൽ.എ/എം.പി മാരുടെ വീട്ടുകളിലും, ജനപ്രതിനിധികളുടെ വീട്ടുകളിലും, അംഗീകാരമുള്ള മാധ്യമ പ്രവർത്തകരുടെ വീട്ടുകളിലും 960 പോഷക തോട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് 82 കൃഷി പാഠശാലകളും 264 ക്യാമ്പയിനുകളും 80 പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. ആയതിനു പുറമേ 9.3 ഹെക്ടറിൽ പരമ്പരാഗത വിത്തിനങ്ങളും ഇതുവരെ കൃഷി ചെയ്തിട്ടുണ്ട്. ഇതിനു പുറമേ പച്ചക്കറി തൈകൾ, ബഹുവർഷ പച്ചക്കറി തൈകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്ന പരിപാടികൾ തുടർന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**